ഷെയർ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവ നൽകാനുള്ള സ്കീമുകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിൽ മാനേജീരിയൽ ഗ്രാന്റ്, ഫർണിച്ചർ ഗ്രാന്റ് എന്നീ സ്കീമുകൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) സെറികൾച്ചർ സഹകരണ സംഘങ്ങൾ വഴി 1998-99-ൽ 1520 കിലോഗ്രാം കൊക്കൂൺ ഉല്പാദനം നടത്തിയിട്ടുണ്ട്. മിക്ക സംഘങ്ങളും അടുത്ത കാലത്താണ് പ്രവർത്തനം പുനരാരംഭിച്ചത്. അംഗങ്ങളിൽ പലരും മൾബറി കൃഷി ആരംഭിച്ചിട്ടേയുള്ളൂ. സംസ്ഥാനത്ത് സംഘങ്ങൾ വഴിയും കർഷകർ നേരിട്ടും 33149 കിലോഗ്രാം കൊക്കൂൺ ആണ് 1998-99-ൽ ഉൽപ്പാദിപ്പിച്ചത്.

(ഡി) ഇപ്പോൾ ഈ സംഘങ്ങൾ ഒന്നും തന്നെ 'പട്ടുനൂൽ' ഉൽപ്പാദിപ്പിക്കുന്നില്ല. സംഘങ്ങൾ വഴിയും കർഷകർ നേരിട്ടും ഉൽപ്പാദിപ്പിക്കുന്ന 'കൊക്കൂൺ' സെറിഫെഡിന്റെ റീലിംഗ് യൂണിറ്റുകളിലും ജില്ലാ തലത്തിലുള്ള ഓഫീസുകളിലുമാണ് വിപണനം ചെയ്യുന്നത്.

വൃദ്ധ ജനങ്ങളുടെ ക്ഷേമം

50 (2106)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 65 വയസ്സിനു മുകളിൽ പ്രായമുള്ള എത്ര ലക്ഷം ജനങ്ങളുണ്ട്;

(ബി) ഇവരുടെ ക്ഷേമത്തിനുവേണ്ടി സർക്കാർ എത്ര കോടി രൂപ ചെലവാക്കുന്നു.

(സി) ഇവർക്കായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര കോടി രൂപ നീക്കിവെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രജിസ്ട്രാർ ജനറൽ ഓഫ് ഇൻഡ്യയുടെ പോപ്പുലേഷൻ പ്രൊജക്ഷൻസ് ഫോർ ഇൻഡ്യാ ആന്റ് സ്റ്റേറ്റ്സ് 1996-2016 എന്ന പ്രസിദ്ധീകരണം അനുസരിച്ച് 1990 മാർച്ചിൽ 65 വയസ്സിനു മുകളിൽ പ്രായമുള്ള കേരളീയരുടെ എണ്ണം 20,17,000 ആയി കണക്കാക്കിയിരിക്കുന്നു.

(ബി)&(സി) ഇവരുടെ ക്ഷേമത്തിനായി 1998-99-ൽ സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് വഴി 1.27 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. കൂടാതെ 65 വയസ്സിനുമേൽ പ്രായമുള്ളവരും ദാരിദ്ര്യരേഖയ്ക്ക് താഴെവരുന്നവരുമായ വയോവൃദ്ധർക്ക് പ്രതിമാസം 110 രൂപ നിരക്കിൽ വാർദ്ധക്യകാല പെൻഷൻ നൽകുന്നുണ്ട്. ഈ തുകയിൽ 75 രൂപ കേന്ദ്രസർക്കാരും 35 രൂപ സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. 1998-99 ലെ കണക്കനുസരിച്ച് ഈ ആനുകൂല്യം 1,08,900 ആളുകൾക്ക് ലഭിച്ചിട്ടുണ്ട്. ഈയിനത്തിൽ 1998-99-ൽ സംസ്ഥാന സർക്കാർ 571.05 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്ന് കിട്ടിയ തുക 1377.55 ലക്ഷം ആണ് 1999-2000-മാണ്ടിൽ വാർദ്ധക്യകാല പെൻഷന് 1,30,000 ഗുണഭോക്താക്കൾ ഉണ്ടാകുമെന്ന് കണക്കാക്കുന്നു. ഇതിലേക്ക് 306.98 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റ് വിഹിതമായി വകകൊള്ളിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ 1999-2000 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിനുവേണ്ടി അലോട്ട് ചെയ്തിരിക്കുന്നത് 1396.31 ലക്ഷം രൂപയാണ്. വൃദ്ധജനങ്ങളുടെ മറ്റു ക്ഷേമ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ തന്നാണ്ട് 73.64 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

അംഗൻവാടികളുടെ പ്രവർത്തനം

51 (2107)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിലായി എത്ര അംഗനവാടി വർക്കർമാരും ഹെൽപ്പർമാരും ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ബ്ലോക്കുകളാണ് ഐ.സി.ഡി.എസ് ബ്ലോക്കുകളായി തിര ഞ്ഞെടുത്ത് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്;

(സി) അംഗൻവാടി വർക്കർമാരെ തിരഞ്ഞെടുക്കുമ്പോൾ പ്രീ-പ്രൈ മറി ടീച്ചേഴ്സ് ട്രെയിനിംഗ് ഉള്ള ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക വെയിറ്റേ ജ്മാർക്ക് കൊടുക്കാത്തത് ഒരു ന്യൂനതയായി ഗവൺമെന്റ് കരുതുന്നുണ്ടോ;

(ഡി) ട്രെയിനിംഗ് പാസ്സായവർക്ക് ഇന്റർവ്യൂവിൽ വെയിറ്റേജ്മാർക്ക് കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 16311 വർക്കർമാരും അത്രയുംതന്നെ ഹെൽപ്പർമാരും നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) 120 ബ്ലോക്കുകൾ

(സി)&(ഡി) അംഗൻവാടി വർക്കർമാർ ഓണറി ജീവനക്കാരാണ്. പത്താം ക്ലാസ് പാസ്സായവരും സേവന തൽപ്പരരും പ്രാദേശികവുമായിട്ടുള്ളവ രെയുമാണ് വർക്കറായി നിയമിക്കുന്നത്. ഐ.സി.ഡി.എസ് മാനുവലിൽ പ്രതിപാദിക്കുന്ന പ്രകാരമാണ് നിയമനം നടത്തുന്നത്. അംഗൻവാടി വർക്കർമാരായി നിയമിച്ചതിനുശേഷം അവർക്ക് 3 മാസം നീണ്ടു നിൽക്കുന്ന പ്രത്യേക ട്രെയിനിംഗ് നൽകുന്നതിനാൽ പ്രീ-പ്രൈമറി കഴിഞ്ഞവർക്ക് പ്രത്യേകം മാർക്ക് നൽകുവാൻ നിർവ്വാഹമില്ല.

അംഗനവാടി വർക്കർമാർക്കുള്ള വേതനം

52 (2108)ശ്രീ. എ. കണാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അംഗൻവാടി വർക്കർമാർക്ക് പ്രതിമാസം എത്ര രൂപയാണ് വേതനം നൽകി വരുന്നത്;

(ബി) അവരുടെ ജോലിക്ക് അർഹതപ്പെട്ട വേതനം ലഭിക്കുന്നില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അംഗൻവാടി വർക്കർമാർക്കും ആയമാർക്കും വേതന പരിഷ്ക്ക രണം നടപ്പിലാക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly